LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലായ് 6, ബുധൻ .

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2005 ജൂലായ് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 28

രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകാൻ നടപടി

*4 [28] *ശ്രീ. സി. മോയിൻകുട്ടി :*
,, *പി. കെ. കെ. ബാവ :*
,, *ടി. പി. എം. സാഹിർ :*
,, *നാലകത്ത് സൂപ്പി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീട് നിർമ്മിക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് വരെയുള്ള ഭൂമി വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*:

(എ) ഇല്ല.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. സി. മോയിൻകുട്ടി : സർ, വളരെ പാവപ്പെട്ട ജനവിഭാഗങ്ങൾ എന്ന നിലയിൽ ഈ ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രി പുന:പരിശോധിക്കുമോ എന്നാണ് എന്റെ ആദ്യത്തെ ചോദ്യം. അണ്ടർ വാല്യുവേഷനെ സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ നമ്മുടെ സബ് രജിസ്ട്രാർ ആഫീസുകളിൽ വന്നുകൊണ്ടിരിക്കുകയാണ്. രജിഷ്ട്രേഷൻ വകുപ്പ് ആഫീസിൽ ഇരുന്നിട്ടാണ് ഭൂമിയുടെ വില നിശ്ചയിക്കുന്നത്. ഇതുകൊണ്ടുതന്നെയാണ് ഇത് സംഭവിക്കുന്നത്. യഥാർത്ഥമായിട്ടുള്ള മാർക്കറ്റ് വാല്യൂ എന്താണെന്നു ഉദ്യോഗസ്ഥന്മാർക്ക് മനസ്സിലാക്കാനുള്ള നടപടി ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഈ തർക്കങ്ങൾ പരിഹരിക്കുന്നതിനും ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്താണ്; പ്രായോഗികമായിട്ട് എന്ത് മാനദണ്ഡമാണ് ഇതുസംബന്ധിച്ച് സ്വീകരിക്കാൻ പോകുന്നത് എന്നു വ്യക്തമാക്കാമോ? അതോടൊപ്പംതന്നെ യഥാർത്ഥ വിലയ്ക്കുള്ള മുദ്രപ്പത്രം ഇല്ലാതെ രജിസ്ട്രേഷൻ നടത്തിയ അതേ സബ് രജിസ്ട്രാർതന്നെ അണ്ടർ വാല്യുവേഷന്റെ റിപ്പോർട്ട് ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് നൽകുന്നതിന്റെ ഔചിത്യം മനസിലാകുന്നില്ല. അത് പ്രായോഗികമല്ല. അതുകൊണ്ട് അണ്ടർവാല്യുവേഷൻ സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഭൂമിയുടെ വില ആദ്യമേ സർവ്വേ നമ്പരുകളോടൊപ്പംതന്നെ പ്രഖ്യാപിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നടപടികൾ സ്വീകരിക്കുമോ എന്നതാണ് എന്റെ ആദ്യത്തെ ചോദ്യം.

ശ്രീ. സി. എഫ്. തോമസ് : സർ, സംസ്ഥാനത്ത് ഈ പ്രയാസങ്ങൾ ഉണ്ടാക്കുന്നത് ഭൂമിക്ക് ഫെയർവാല്യൂ നിശ്ചയിക്കാത്തതുകൊണ്ടാണ്. നമ്മൾ ഇതിന്റെ റേറ്റ് നേരെ പകുതിയായിട്ട് കുറച്ചപ്പോൾ അതോടൊപ്പംതന്നെ ഫെയർവാല്യൂകൂടി വരണമെന്നുള്ളതായിരുന്നു തീരുമാനം. അതിനനുസരിച്ച് ഫെയർവാല്യൂ നിശ്ചയിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോയി. ഇതിനായി താഴത്തലത്തിലുള്ള കമ്മിറ്റികളുണ്ടായി. വില്ലേജ് ലവൽ, താലൂക്ക് ലവൽ കമ്മിറ്റികൾ ഉണ്ടായി. വില്ലേജ് കമ്മിറ്റികൾ കൂടിയതിനുശേഷം താലൂക്ക് ലവൽ കമ്മിറ്റികൾ പരിശോധിച്ച് പിന്നെ ആ നിശ്ചയിച്ച വില ആർ.ഡി.ഒ. മാർക്ക് കൊടുത്തു. അതിനുശേഷം ആക്ഷേപം കേട്ട് ഫെയർവാല്യൂ പ്രസിദ്ധീകരിച്ചു. അങ്ങനെ വന്നപ്പോഴും വ്യാപകമായ പ്രതിഷേധം ഉണ്ടായി. സംസ്ഥാനത്ത് ആദ്യമായിട്ട് കൊണ്ടുവരുന്ന ഒരുപരിഷ്ക്കാരം എന്നുള്ള നിലയിൽ ഇതുസംബന്ധിച്ച് വ്യാപകമായിട്ട് ആക്ഷേപം വന്നപ്പോൾ, ഇത്രയും ആക്ഷേപങ്ങൾ വരുന്നു എന്നു കണ്ടപ്പോൾ കാബിനറ്റ് ആ നോട്ടിഫിക്കേഷൻ പിൻവലിച്ചു. എന്നിട്ട് ആർ.ഡി.ഒ. മാർ വീണ്ടും ഇത് ഡ്രാഫ്റ്റായിട്ട് പ്രസിദ്ധീകരിച്ച് വീണ്ടും ആക്ഷേപങ്ങൾ കേൾക്കാനായിട്ട് നിശ്ചയിച്ചു. നേരത്തെ സ്റ്റാംപ് ഡ്യൂട്ടിയും സർച്ചാർജും രജിസ്ട്രേഷൻ ഫീസും ഒക്കെ പകുതിയായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചപ്പോൾ ഫെയർവാല്യൂ കൂടി നിശ്ചയിക്കാം എന്ന ഒരു കണക്കുകൂട്ടൽ ഉണ്ടായിരുന്നതിനനുസരിച്ച് സ്റ്റെപ്സ് എല്ലാം എടുത്തു മുന്നോട്ട് പോയി ഫൈനലൈസ് ചെയ്തതാണ്. പക്ഷേ അവിടെ വീണ്ടും ഒരു പ്രക്ഷോഭത്തിന്റെ രീതിയിൽ കാര്യങ്ങൾ വന്നപ്പോഴാണ് നോട്ടിഫിക്കേഷൻ പിൻവലിച്ചത്. ഏതായാലും ഈ രംഗത്ത് കുറെ പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: സംസ്ഥാനത്ത് ധാരാളമായിട്ടുള്ള ആരാധനാലയങ്ങൾ, അനാഥാലയങ്ങൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ എന്നിവ വമ്പിച്ച സേവനമാണ് ഈ മേഖലയിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. വളരെ പാവപ്പെട്ട ജനങ്ങൾക്ക് ഒരുപാട് ആശ്വാസം പകരാൻ ഇവകൊണ്ട് സാധിക്കുന്നുണ്ട്. ഇത് പരിഗണിച്ച് ഈ ആരാധനാലയങ്ങളുടെ ദൈനംദിന ചെലവുകൾക്കുപോലും ബുദ്ധിമുട്ടുന്ന ഈ സന്ദർഭത്തിൽ ഇവരെ രജിസ്ട്രേഷൻ ഫീസിൽനിന്നു ഒഴിവാക്കുന്നതിനുള്ള ഗൗരവതരമായിട്ടുള്ള പരിഗണന ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നു ഉണ്ടാകുമോ ?

ശ്രീ. സി. എച്ച്. തോമസ്: ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: സ്വന്തമായി വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്നു സെന്റുവരെ ഭൂമി വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകുമോയെന്നുള്ളതാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇല്ല എന്നുള്ളതാണ്. എന്നാൽ സമൂഹത്തിലെ ഏതെങ്കിലും ദുർബല വിഭാഗത്തിന് ഇതുപോലുള്ള ആനുകൂല്യം നൽകിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. തോമസ്: സുനാമി ബാധിത പ്രദേശങ്ങളിൽ ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അതൊരു പ്രത്യേക കേസായിട്ട് എടുത്ത് അവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് ചെയ്തു കൊടുക്കുന്നതിനുള്ള ഒരു ഫയൽ ഗവൺമെന്റിന്റെ പരിശോധനയിലാണ്. അത് അവർക്ക് അനുകൂലമായിട്ടാണ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. കെ. ബാവ: വളരെ ദുരന്തപൂർണ്ണമായ സുനാമിയെത്തുടർന്നു കടലോരങ്ങളിൽ അധിവസിക്കുന്ന ആളുകൾക്ക് ഫീസ് ഇളവ് നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വ്യക്തമാക്കുന്നത്. എന്നാൽ സ്ഥിരമായി കടലോരങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകൾ എന്നും ദുരിതത്തിനും കഷ്ടപ്പാടിനും ഇരയാവുകയാണ്. അങ്ങനെയുള്ള ആളുകളെ പ്രത്യേകമായി കണ്ടെത്തി അവർക്ക് വീടെന്നുള്ളത് ഒരു സ്വപ്നമാണ്. പല ഏജൻസികളും അവർക്ക് കാശ് കൊടുക്കാൻ തയ്യാറാണ്. പക്ഷേ ഭൂമിയില്ലാത്തതുകൊണ്ട് അവർക്ക് വീടു വയ്ക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ ഒരു ഔദാര്യം, ഗവൺമെന്റിന്റെ ഒരു കോൺട്രിബ്യൂഷൻ എന്ന നിലയിൽ കടലോരങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ഈ ഫീസ് ഇളവ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ് തോമസ്: പൊതുവായിട്ട് ഇങ്ങനെ പ്രയാസമുള്ള മേഖലകൾ ധാരാളം നമുക്കുണ്ട്. ഓരോ കാര്യങ്ങൾ പ്രത്യേകമായിട്ട് വരികയാണെങ്കിൽ അത് പ്രത്യേകമായിട്ട് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. ടി. പി. എം. സാഹിർ : സെയിൽസ് ടാക്സ്, രജിസ്ട്രേഷൻ, എക്സൈസ് എന്നീ മൂന്നു വകുപ്പുകളിലൂടെയാണ് നമുക്ക് വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിൽ വാറ്റ് നടപ്പിലാക്കിയപ്പോൾ ചെറുകിട കച്ചവടക്കാർക്കും മറ്റും 10 ലക്ഷം രൂപ വരെ ടാക്സ് ഇല്ല എന്നു പറഞ്ഞു. അതുപോലെതന്നെ പാവപ്പെട്ടവർക്ക്, ഈ ആനുകൂല്യം നൽകണം. കോഴിക്കോട് കോർപ്പറേഷനിൽ ഇപ്പോൾ ഒരു പാലവുമായി ബന്ധപ്പെട്ട് റിഹാബിലിറ്റേഷൻ ഏഴ് ഏക്കർ സ്ഥലം കോർപ്പറേഷൻ നൽകാൻ തയ്യാറായിയെങ്കിലും അവർക്ക് രജിസ്റ്റർ ചെയ്തു കൊടുക്കാൻ കഴിയുകയില്ല. ലീസിനാണ് കൊടുക്കുന്നത്. അതിൽ രജിസ്ട്രേഷൻ എമൗണ്ട് ഫിക്സ് ചെയ്തിരിക്കുന്നത് കൂടുതലാണ്. അവിടെ സെന്റിന് 75,000 രൂപയാണ് വിലയുള്ളത്. ഒരു പാവപ്പെട്ടവന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ 12 ശതമാനം നൽകാൻ സാധ്യമല്ല. ഈ കാരണത്താൽ പാവപ്പെട്ടവർ തിങ്ങിത്താമസിക്കുന്ന കടലോര പ്രദേശങ്ങളിൽ മൂന്നു സെന്റിന് താഴെയുള്ളവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. സി. എഫ്. തോമസ് : ഈ രംഗത്ത് നടത്തിയ വളരെ വിപ്ലവകരമായ ഒരു നടപടിയായിരുന്നു 'ഗഹാൻ' സമ്പ്രദായം. നമ്മുടെ ഗ്രാമീണ ജനത, വളരെ പാവപ്പെട്ടവർ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും പണം വായ്പയെടുത്തശേഷം ജപ്തിയെന്നു പറഞ്ഞുള്ള ധാരാളം പരാതികൾ ഇപ്പോൾ വരുന്നുണ്ട്. ആ രംഗത്ത് ഗവൺമെന്റ് എടുത്ത പുതിയ ഒരു സ്റ്റെപ് വളരെ ആശ്വാസകരമായി മാറിയിരിക്കുകയാണ്. ചെറുകിട കൃഷിക്കാരും സമൂഹത്തിലെ പാവപ്പെട്ട വിഭാഗങ്ങളും സഹകരണ ബാങ്കുകളിൽ നിന്നു എടുക്കുന്ന വായ്പയ്ക്ക് അതിനുള്ള പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കിയിരുന്ന ഫീസ് ഈ ഗവൺമെന്റ് വേണ്ടെന്നുവച്ചു. രജിസ്റ്റർ ചെയ്യുന്ന പ്രമാണം വായ്പയടച്ചു കഴിയുമ്പോൾ അത് തിരിച്ച് എഴുതി കൊടുക്കുമ്പോൾ വീണ്ടും ഫീസ് അടയ്ക്കണമായിരുന്നു. അതും വേണ്ടെന്നുവച്ചു. ഒരു വമ്പിച്ച തുകയാണ് ഈ ഒരൊറ്റ ഇനത്തിൽ ഗവൺമെന്റിന് ആണ്ടുതോറും നഷ്ടം വരാൻ പോകുന്നത്. സഹകരണ ഡിപ്പാർട്ടുമെന്റാണ് അതിന് മുൻകൈയെടുത്തത്. അതുമൂലം സാമാന്യ ജനങ്ങൾക്ക് വലിയൊരു ആശ്വാസമാണ് ചെയ്തിരിക്കുന്നത്. അതിന്റെ ഫലങ്ങൾ നമ്മുടെ ഗ്രാമങ്ങളിലൊക്കെ ലഭിച്ചുതുടങ്ങിക്കഴിഞ്ഞു.

ശ്രീ. ടി. പി. എം. സാഹിർ : അങ്ങ് ഗഹാൻ സമ്പ്രദായത്തെപ്പറ്റി പറഞ്ഞു വളരെ നല്ല കാര്യമാണ്. പക്ഷേ ഞാൻ പറയുന്നത് കോർപ്പറേഷൻ ഏരിയായിൽ 'ഗഹാൻ' സിസ്റ്റം നടപ്പിലാക്കാൻ സാധ്യമല്ല. പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന കടലോരപ്രദേശങ്ങളിൽ മാത്രം നടപ്പാക്കിക്കൂടെ?

ശ്രീ. സി. എഫ്. തോമസ്: ഇത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: രജിസ്ട്രേഷന് പഞ്ചായത്തുകളിൽ 10 ശതമാനം ഫീസ് ഉണ്ടായിരുന്നത് നമ്മൾ 4 ശതമാനമായി ഒരിക്കൽ കുറച്ചു. വീണ്ടും അത് കൂട്ടി. മുനിസിപ്പാലിറ്റിയിൽ പന്ത്രണ്ടര ശതമാനം ഉണ്ടായിരുന്നത് ആറ് ശതമാനമായി കുറച്ചു. വീണ്ടും കൂട്ടി. സത്യത്തിൽ സ്ഥലത്തിന്റെ ഫെയർവാല്യൂ നിർണ്ണയിച്ചതിൽ പല അപാകതകളുമുണ്ട്. ആർക്കും വേണ്ടാത്ത ഭൂമികൾക്ക് വലിയ വിലയും കണ്ണായ ഭൂമികൾക്ക് ചുരുങ്ങിയ വിലയുമാണ് പലസ്ഥലത്തും ഫെയർവാല്യൂ ആയി നിശ്ചയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ റവന്യൂ-രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകൾ യോജിച്ചുകൊണ്ട് ഒരു ജോയിന്റ് വെരിഫിക്കേഷൻ പെട്ടെന്നു നടത്തി ഈ സ്ഥലങ്ങളുടെ ഫെയർവാല്യൂ നിശ്ചയിക്കണം. നമുക്ക് വരുന്ന റവന്യുക്കമ്മി ഇല്ലാതാക്കുകയും അതോടൊപ്പം തന്നെ പൊതു ജനങ്ങൾക്ക് ഗുണപ്രദമാകുന്ന ഒരു സമീപനം രജിസ്ട്രേഷൻ വകുപ്പ് എടുക്കുകയും ചെയ്യുമോ?

ശ്രീ. സി. എഫ്. തോമസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതുപോലുള്ള പരാതികൾ വന്നതുകൊണ്ടാണ് വളരെ കഷ്ടപ്പെട്ട് രണ്ടുവർഷത്തോളം ഗവൺമെന്റ് മെനക്കെട്ട് താഴെത്തലങ്ങളിൽ ജനപ്രതിനിധികൾ ഇല്ലാതെയിരുന്ന കമ്മിറ്റികളിൽ പഞ്ചായത്ത് പ്രസിഡന്റുമാരെ വില്ലേജ് ലവൽ കമ്മിറ്റികളിലും ബ്ലോക്ക് പ്രസിഡന്റുമാരെ താലൂക്ക് ലവൽ കമ്മിറ്റികളിലും വച്ച് പരിശോധിപ്പിച്ച് ഈ ഫെയർവാല്യൂ നിശ്ചയിച്ച് നടപടി പൂർത്തിയായിക്കഴിഞ്ഞപ്പോൾ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള പരാതികൾ വന്നത്. അതുകൊണ്ടുതന്നെ പൊതുജനതാൽപര്യം മുൻനിർത്തിക്കൊണ്ട് അത്രയും കഷ്ടപ്പെട്ട് തയ്യാറാക്കിയ ഈ ഫെയർവാല്യൂ, നോട്ടിഫിക്കേഷൻ പിൻവലിക്കാൻ ക്യാബിനറ്റ് തീരുമാനം എടുക്കുകയുണ്ടായി. ഇപ്പോൾ ഒരു പുതിയ നിർദ്ദേശം വച്ചിരിക്കുന്നു, അങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. കളത്തിൽ അബ്ദുള്ള: കേരളത്തിൽ ആധാരമെഴുത്തുമായി ബന്ധപ്പെട്ട് ധാരാളം മനുഷ്യർ ജീവിക്കുന്നുണ്ട്. ആധാരമെഴുത്തു ലൈസൻസികളുണ്ട്. അതുപോലെതന്നെ സ്ക്രൈബുമുണ്ട്. ഇതിൽ ആധാരമെഴുത്തു മേഖലയിൽ കമ്പ്യൂട്ടർ ഫോർമാറ്റ് നടപ്പിലാക്കാൻ പോകുന്നുവെന്നു ഒരു പത്രവാർത്ത കാണാൻ കഴിഞ്ഞു. ഇത് നടപ്പിലാക്കുകയാണെങ്കിൽ ആധാരമെഴുത്ത് ലൈസൻസികൾക്കു പുറമെ പാവപ്പെട്ടവരായ ആധാരം എഴുതുന്ന കൈപ്പടക്കാരുടെകൂടി ജോലി ഗുരുതരമായി നഷ്ടപ്പെടാൻ പോകുന്ന ഒരു സാഹചര്യം ഉണ്ടാകാൻ പോവുകയാണ്. ഈ കാര്യം കേരള ഗവൺമെന്റിന്റെയും വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എഫ്. തോമസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ഗുണം ജനങ്ങൾക്ക് കിട്ടിതുടങ്ങിയിരിക്കുന്നു. ഇപ്പോൾ നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറൈസേഷൻകൊണ്ട് കമ്പ്യൂട്ടറൈസ് ചെയ്ത ഓഫീസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

Encumbrance Certificate- കൾ പിറ്റേദിവസംതന്നെ കൊടുക്കുന്നുണ്ട്. അത് വലിയ ആശ്വാസമായി വന്നിട്ടുണ്ട്. പ്രമാണം രജിസ്റ്റർ ചെയ്യുന്നതും കമ്പ്യൂട്ടറൈസ് ചെയ്യാം. അതിനുള്ള സംവിധാനമുണ്ട്. അതിനുള്ള ഏർപ്പാടുകളെല്ലാം ആയപ്പോഴാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുള്ളത്. നമ്മുടെ നാട്ടിൽ ആധാരമെഴുത്ത്, കൈപ്പട തയ്യാറാക്കൽ അഥവാ പകർപ്പ് തയ്യാറാക്കൽ, ഈ രംഗത്ത് ധാരാളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവർക്ക് എന്തെങ്കിലും പ്രയാസം വരും എന്നുള്ള കാര്യം അവരുടെ സംഘടനകളുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആധാരം രജിസ്റ്റർ ചെയ്യുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ഗവൺമെന്റ് അങ്ങനെ ചെയ്തിട്ടില്ല. നമ്മളിപ്പോൾ സർട്ടിഫിക്കറ്റുകൾ മാത്രമേ കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളൂ. അവരുടെ ആക്ഷേപങ്ങൾ ഉള്ളതുകൊണ്ട് അതു പരിഗണിച്ചുകൊണ്ട് സർട്ടിഫിക്കറ്റുകൾ മാത്രമേ കൊടുക്കുന്നുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: രജിസ്ട്രാർ ഓഫീസിനോട് ബന്ധപ്പെട്ടുകൊണ്ട് 10, 25, 50 എന്നിങ്ങനെ ജോലിക്കാർ ഓരോ ഓഫീസിനനുസരിച്ച് ഉണ്ട്. അവരുടെ ഉള്ളിലെല്ലാം ഈ ആശങ്ക വളരെ വേവലാതിയായിട്ട് വന്നിരിക്കുകയാണ്. കമ്പ്യൂട്ടറൈസേഷന്റെയൊക്കെ മീറ്റിംഗ് നടന്നു. എന്റെ നിയോജക മണ്ഡലത്തിലെ ചേർപ്പ് രജിസ്ട്രാർ ഓഫീസ് 10, 17 ലക്ഷം രൂപ മുടക്കി എം.ജി.പി.യിൽ ഉൾപ്പെടുത്തി ചെയ്തു എന്നു പറഞ്ഞു. അങ്ങനെ ചെയ്യുമ്പോൾ അവിടെയുള്ള മിക്കവാറും ആധാരം എഴുത്തുമായി ബന്ധപ്പെട്ടവരുടെ ജോലി നഷ്ടപ്പെടുമെന്ന ഒരു ചിന്തയിലാണ് സ്റ്റേറ്റ് ഒട്ടുക്കുമുള്ളവർ. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവരുമായി ബന്ധപ്പെട്ട സംഘടനകളെ വിളിച്ചുവരുത്തി ചർച്ച ചെയ്ത് അവരുടെ തൊഴിൽകൂടി സംരക്ഷിച്ചുകൊണ്ട് കമ്പ്യൂട്ടറൈസേഷൻ, പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിക്കണം. ഒപ്പംതന്നെ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. എം. ജി. പി. എന്ത് അടിസ്ഥാനത്തിലാണ് ഈ രജിസ്ട്രാർ ഓഫീസുകൾ തെരഞ്ഞെടുത്തിട്ടുള്ളത്; അതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. എഫ്. തോമസ്: മെമ്പർ പറഞ്ഞ കാര്യം ഞങ്ങൾ നല്ലവണ്ണം പരിഗണിച്ചിട്ടുണ്ട്. ഈ സംഘടനകൾക്ക് ജനകീയ പ്രശ്നമുണ്ട്. ബന്ധപ്പെട്ട ആധാരം എഴുത്തുകാർ അതുപോലെ പകർപ്പു തയ്യാറാക്കുന്നവർ അവരെ മുഴുവൻ ജോലി ഇല്ലാത്തവരാക്കിക്കൊണ്ടുള്ള പരിഷ്കാരത്തിന് ഗവൺമെന്റ് മുതിരുകയില്ല. ഈ പറയുന്നതുപോലെതന്നെ അവരെ ഇരുത്തി ചർച്ച ചെയ്തതിനുശേഷമേ നടപ്പിലാക്കുകയുള്ളൂ. അതുകൊണ്ട് വളരെ കർശനമായി ഇപ്പോൾ സർട്ടിഫിക്കറ്റ് മാത്രമേ കൊടുക്കുന്നുള്ളൂ. അത് ഗവൺമെന്റിന് വളരെ നിർബന്ധമുണ്ട്. മെമ്പറുടെ വികാരത്തോട് പൂർണ്ണമായി യോജിക്കുന്നു. എം.ജി.പി. ഒരു പ്രത്യേക പ്രോഗ്രാമാണ് എങ്കിൽപ്പോലും നിശ്ചയിച്ച മാനദണ്ഡം, എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളോടും എഴുതി ചോദിച്ചു. ആ ഓഫീസുകളുടെ പരാധീനതകൾ എന്തൊക്കെ? അവിടെ വരുന്ന ജനങ്ങൾക്ക്, അവിടെ ഇരിക്കുന്ന ജീവനക്കാർക്ക് ഇരിക്കുവാൻ സൗകര്യമുണ്ടോ, കെട്ടിടം ചോർന്നൊലിക്കുന്നതാണോ, ആവശ്യത്തിന് ഫർണിച്ചറുകളുണ്ടോ, സ്റ്റേഷനറി ഉണ്ടോ, അത്യാവശ്യമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിടത്ത് ഫോൺ ഉണ്ടോ, ഫോട്ടോ കോപ്പിയർ ഉണ്ടോ, എങ്ങനെയുള്ള സൗകര്യങ്ങളൊക്കെ കൊടുത്താൽ നമുക്ക് ജനസേവനം കുറച്ചുകൂടി മെച്ചപ്പെടുത്താമെന്ന് എല്ലാവരോടും ചോദിച്ചു. അതിൽ ഏറ്റവും മോശമായ 69 ഓഫീസുകൾ ആദ്യത്തെ സ്റ്റേജായിട്ട് എം. ജി. പി. യിൽ ഉൾപ്പെടുത്തി ചെയ്തു.

ശ്രീ. കെ. മോഹൻകുമാർ: വിവാഹപ്രായമെത്തിയ പെൺകുട്ടികളുടെ മാതാപിതാക്കൾ അനുഭവിക്കുന്ന വലിയ ഒരു പ്രയാസമാണ് താങ്ങാനാകാത്ത രജിസ്ട്രേഷൻ ഫീസ്. യഥാർത്ഥത്തിൽ അച്ഛൻ മക്കൾക്ക് വിവാഹ സന്ദർഭത്തിൽ ഒരു വസ്തു എഴുതി കൊടുക്കുകയാണെങ്കിൽ അവിടെ ഒരു കൊടുക്കൽ വാങ്ങലിന്റേതായ ഫിനാൻഷ്യൽ ട്രാൻസാക്ഷൻ നടക്കുന്നില്ല. ആളുകൾ രജിസ്ട്രേഷൻ ഫീസ് കൊടുക്കുന്നുവെന്നു മാത്രമേയുള്ളൂ. ഏഴു ശതമാനത്തോളം വരുന്ന വലിയ രജിസ്ട്രേഷൻ ഫീസാണ് നിലവിലുള്ളത്. യാഥാർത്ഥ്യപൂർണ്ണമായ സമീപനം സ്വീകരിച്ച് അതു കുറവു ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. സി. എഫ്. തോമസ്: ഇത്തരം നിർദ്ദേശങ്ങൾ പരിശോധിക്കാം.

ശ്രീ. എം. വി. ജയരാജൻ: മാർച്ച് 31 വരെയുള്ള തീയതികളിൽ എഴുതിവച്ച കുറേയേറെ ആധാരങ്ങൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. മാർച്ച് 31-നുശേഷം സ്റ്റാമ്പ് ഡ്യൂട്ടിയിൽ വർദ്ധനവു വരുത്തി. നേരത്തേ നാലു ശതമാനമായിരുന്നത് പിന്നീട് പത്തു ശതമാനമാക്കി. അത്തരത്തിലുള്ള ആധാരങ്ങളെ ഇംപൗണ്ടഡ് ആധാരങ്ങൾ എന്ന നിലയ്ക്ക് അതാതു സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് രജിസ്ട്രാർ ഓഫീസിലേക്ക് അയച്ചിരിക്കുകയാണ്. കക്ഷികൾക്ക് മടക്കി കിട്ടുന്നില്ല. ഇതു സംബന്ധിച്ച് വ്യക്തമായിട്ടുള്ള തീരുമാനം ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ രജിസ്ട്രേഷൻ ആക്ടിൽ സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച് പറയുന്നുണ്ട്. രജിസ്ട്രേഷൻ ആക്ടിൽ സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ച് പറയുന്നത് ആധാരം എഴുതിവച്ച് 120 ദിവസത്തിനകം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചാൽ മതിയെന്നാണ്. ഇത്തരത്തിൽ ആയിരത്തിലേറെ ആധാരങ്ങൾ ഇംപൗണ്ടഡ് ആധാരങ്ങൾ എന്ന നിലയിൽ സബ് രജിസ്ട്രാർ ഓഫീസിൽനിന്നും രജിസ്ട്രാർ ഓഫീസിലേക്ക് അയയ്ക്കുകയും കക്ഷികൾക്ക് രജിസ്റ്റർ ചെയ്ത് കൊടുക്കാതിരിക്കുകയും ചെയ്യുന്നതിനുമേൽ വ്യക്തമായിട്ടുള്ള തീരുമാനം ഉണ്ടാക്കുവാൻ ഗവൺമെന്റ് നിർദ്ദേശം നല്കുമോ?

ശ്രീ. സി. എഫ്. തോമസ്: മെമ്പർ പറഞ്ഞത് ശരിയാണ്. ഈ ഏപ്രിൽ ഒന്നു മുതൽ പുതിയ റേറ്റുകൾ ഇംപ്ലിമെന്റ് ചെയ്തപ്പോൾ ഇതുപോലെ സംശയം വന്ന കേസുകൾ ആയിരത്തിലേറെയുണ്ട്. അത് ഉടൻതന്നെ, ഒരു ആഴ്ചയ്ക്കകം കക്ഷികൾക്ക് മടക്കിക്കൊടുക്കുവാനുള്ള നിർദ്ദേശം 2-7-2005-ൽ പോയിക്കഴിഞ്ഞു.

ശ്രീ. കെ. എ. ചന്ദ്രൻ: രജിസ്ട്രേഷനിൽ പലയിനങ്ങളുണ്ട്. അതിലൊന്നാണ് ദാനധർമ്മങ്ങളായി നല്കുന്ന ഇഷ്ടദാനം. പിന്നെ കുടുംബസ്വത്ത് ഭാഗിക്കൽ partition, ഔസ്യത്ത് ഇതൊന്നും കച്ചവട മനസ്സോടുകൂടിയുള്ള ട്രാൻസാക്ഷൻ അല്ല. നിലവിലുള്ളത് വ്യവസ്ഥാപിതമാക്കിയെടുക്കൽ മാത്രമാണ്. അതിനും ഈ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും കൊടുക്കേണ്ടതായിട്ട് വരുന്നുണ്ട്. ഭയരഹിതമായി ആധാര ചെലവു നടത്താൻ വേണ്ടുന്ന സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: തീർച്ചയായിട്ടും ആലോചിക്കാം. അത് ഞങ്ങൾ പരിശോധിച്ചുവരുന്ന ഒരു കാര്യമാണ്.

ഡോ. കെ. സി. ജോസഫ്: രജിസ്ട്രാർ ഓഫീസുകളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്യുന്നതോടുകൂടി ആധാരങ്ങൾ സൂക്ഷിക്കുവാൻ കമ്പ്യൂട്ടർ പ്രിന്റ് മാത്രമേ ഉള്ളുവോ? manual script-കൂടി സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകുമോ; അല്ലെങ്കിൽ കമ്പ്യൂട്ടറുകൾ സൂക്ഷിക്കുന്ന ആധാരങ്ങളിൽ മാനിപ്പുലേഷൻ വരുത്താൻ വളരെ എളുപ്പമുണ്ട്. കമ്പ്യൂട്ടർ വിദഗ്ദ്ധനെ സംബന്ധിച്ചിടത്തോളം അതിന്റെ രേഖയിൽ തിരുത്തൽ വരുത്താൻ വളരെ എളുപ്പമുണ്ട്. ആ ഒരു സാഹചര്യത്തിൽ പ്രികോഷൻ എന്നുള്ള നിലയിൽ manual script കൂടി എഴുതുന്നതിനും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? അങ്ങനെ വരുമെങ്കിൽ ഈ ആധാരമെഴുത്തുകാർക്കും Scribe നുമൊന്നും പ്രശ്നം ഉണ്ടാകുകയില്ല.

ശ്രീ. സി. എഫ്. തോമസ്: നമ്മുടെ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുവാനായിട്ട് തീർച്ചയായിട്ടും ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. യു. സി. രാമൻ: സ്വന്തമായി ഒരിഞ്ചു ഭൂമിയില്ലാത്ത ഈ സമൂഹത്തിലെ പട്ടിക വിഭാഗങ്ങൾക്ക് ത്രിതല പഞ്ചായത്തുകളുടെയും മറ്റും സഹായം ഏർപ്പെടുത്തിക്കൊണ്ട് വീടു വാങ്ങുന്നതിനും സ്ഥലം വാങ്ങുന്നതിനുമുള്ള സഹായം നല്കാറുണ്ട്. അങ്ങനെ രണ്ടുമൂന്നു സെന്റ് സ്ഥലം വാങ്ങുന്ന എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അവരുടെ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നില്ല. സൗജന്യമായിട്ടാണ് ചെയ്യുന്നത്. അതിനു നേരത്തെ ഗവൺമെന്റ് ഉത്തരവുണ്ട്. ഈ സംവിധാനം ചില ഭാഗങ്ങളിൽ മാത്രമാണ് നടക്കുന്നത്. എല്ലാ ഭാഗത്തേയും ആളുകൾക്ക് ഇതിന്റെ ഗുണം ലഭ്യമാക്കുന്നതിനാവശ്യമായ രൂപത്തിൽ അത് നടപ്പിലാക്കുമോ?

ശ്രീ. സി. എഫ്. തോമസ്: അത് പരിശോധിക്കാം.

ശ്രീ. ജോണി നെല്ലൂർ: വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമായിരുന്നു. സ്വന്തമായി വീടു നിർമ്മിക്കുന്നതിന് മൂന്നു സെന്റു വരെയുള്ള ഭൂമി വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിക്കുമോ എന്നാണ്. ഇല്ല എന്നു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. വളരെ പ്രധാനപ്പെട്ട അനേകം ആളുകളെ ബാധിക്കുന്ന ഒരു പ്രശ്നമാണ് എന്നുള്ള നിലയിൽ മറുപടി ഇല്ല എന്നാണ് എങ്കിലും വളരെ ഗൗരവമായി ഇത് ആലോചിച്ച് ബന്ധപ്പെട്ട ആളുകളെ സഹായിക്കുവാനുള്ള ഒരു പദ്ധതി എന്നുള്ള നിലയിൽ ഇത് നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വസ്തുക്കൾക്ക് സ്ഥലവില ജില്ലാ കളക്ടർമാർ നിശ്ചയിക്കുമ്പോൾ അതിൽ ഒരു ചെറിയ എൻഹാൻസ്മെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ ഏകകണ്ഠമായി തീരുമാനിക്കുകയാണെങ്കിൽ ആകാമെന്നും നിയമമുണ്ട്. ആ ഏകകണ്ഠമെന്നുള്ളതു മാറ്റി ഭൂരിപക്ഷ അഭിപ്രായ പ്രകാരം എന്നാക്കി തീർക്കുകയാണെങ്കിൽ ഗവൺമെന്റിന് നഷ്ടപ്പെടാൻ യാതൊന്നും ഇല്ല. രജിസ്ട്രേഷൻ ഫീസും അതിനനുസൃതമായി അല്പം വർദ്ധിക്കുകയാണ്. ഇങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് നീങ്ങാമോ?

ശ്രീ. സി. എഫ്. തോമസ്: ഇതൊക്കെ നല്ല നിർദ്ദേശങ്ങളാണ്. ഓരോന്നായി ഗവൺമെന്റ് പരിശോധിച്ച് ഈ രംഗത്ത് പരിഷ്കാരങ്ങൾ വരുത്താം.

ശ്രീ. എ. എ. അസീസ്: രജിസ്റ്റർ ചെയ്ത പ്രമാണം സംബന്ധിച്ച് വീണ്ടും അസസ്മെന്റ് കൊടുത്ത് ഡി.ആർ. ഓഫീസുകളിൽ പണം അടയ്ക്കണമെന്ന സമ്പ്രദായം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഇന്ന് ധാരാളം അഴിമതികൾക്ക് വഴിതെളിക്കുന്നുണ്ടെന്ന കാര്യവും പരാതികളും അറിഞ്ഞിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ അതിനു പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു?

ശ്രീ. സി. എഫ്. തോമസ് : അതിനു ശാസ്ത്രീയമായ മാർഗ്ഗം എന്നു പറഞ്ഞാൽ ഫെയർവാല്യൂ നിശ്ചയിക്കലാണ്. ആ ഫെയർവാല്യൂ നിശ്ചയിക്കുവാനായിട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് നടപടി തുടങ്ങിയത്. അന്ന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി കൊണ്ടുവന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അന്നുതന്നെ വില്ലേജ് ലവൽ, താലൂക്ക് ലവൽ കമ്മിറ്റികൾ ഉണ്ടാക്കി. ഞങ്ങൾ വന്നതിനുശേഷം ആ വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശകൾ ഒന്നും തള്ളിക്കളഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന കമ്മിറ്റിയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി. അതു മാത്രമേയുള്ളൂ. ഇത്രയും കഷ്ടപ്പെട്ട് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുവന്ന് ഇതെല്ലാം ഫൈനൽ സ്റ്റേജിൽ വന്നപ്പോൾ പിന്നെയും പരാതിയുണ്ടായി.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സംഘങ്ങൾക്കും രജിസ്ട്രേഷൻ ഫീസിൽ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യം നിലവിലുള്ള കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾക്കുകൂടി ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്താൻ വ്യവസ്ഥയുണ്ടാക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ഇപ്പോൾ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുക്കുന്നവർക്ക് ഈ വലിയ ആനുകൂല്യം കൊടുത്തു. അതുകൊണ്ട് ഒരു വലിയ തുകയാണ് ഓരോ വർഷവും ഗവൺമെന്റിന് നഷ്ടം വരാൻ പോകുന്നത്. അത് കൂടുതൽ വ്യാപിപ്പിക്കുന്ന കാര്യങ്ങളൊക്കെ നയപരമായതാണ്. അത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: രജിസ്ട്രേഷൻ വകുപ്പിനെ ആശ്രയിച്ചാണ് കേരളത്തിലെ ആയിരക്കണക്കിന് ആധാരമെഴുത്തുകാർ കഴിയുന്നത്. തിരുവല്ലയിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ വച്ച് ഒരു നിവേദനം അങ്ങേയ്ക്ക് നൽകി. അവരുടെ അടിയന്തിരാവശ്യങ്ങൾ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ഈ സംഘടനകളുമായി ഇടയ്ക്കിടയ്ക്ക് ചർച്ച ചെയ്താണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്. ഞങ്ങൾ ഏകപക്ഷീയമായ ഒരു നിലപാട് എടുക്കുന്നില്ല. ഇപ്പോഴും അവരെ വിളിച്ചുവരുത്തി ചർച്ച ചെയ്തതാണ്. അവർക്ക് ഉത്കണ്ഠയുണ്ടാക്കുന്ന വിഷയങ്ങളിലേക്കൊന്നും ഞങ്ങൾ പെട്ടെന്ന് സ്റ്റെപ് എടുക്കുന്നില്ല.

ശ്രീ. വർക്കല കഹാർ: ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സഹായിക്കുന്ന പല സ്കീമുകളുണ്ട്. ആ സ്കീമുകൾ പ്രകാരം ഭൂമി വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: കേരളത്തിൽ 17 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുണ്ട്. അങ്ങനെ ഒരു കാര്യത്തിലേക്ക് ഇതുവരെ വന്നിട്ടില്ല.

ശ്രീ. കെ. പി. മോഹനൻ: പഞ്ചായത്തുകളിലൊക്കെതന്നെ പൊതു ആവശ്യങ്ങൾക്കുവേണ്ടി അതായത്, വയോജന വിശ്രമ കേന്ദ്രങ്ങൾ, അംഗൻവാടികൾ എന്നിവയ്ക്ക് ഭൂമി സൗജന്യമായി നൽകാൻ തീരുമാനിച്ചാൽ അതിൽപ്പോലും ഫീസ് ഈടാക്കുന്ന സ്ഥിതിയുണ്ട്. ആ ഫീസ് ഒഴിവാക്കിക്കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ധാരാളം നിർദ്ദേശങ്ങൾ ഇങ്ങനെ വരും. വളരെ കൂടുതൽ ആളുകൾക്ക് വ്യാപകമായി പ്രയോജനം കിട്ടുന്ന സമ്പ്രദായമാണ് ഗഹാനിലൂടെ നടപ്പാക്കിയത്. അതുകൊണ്ട് തന്നെ വസ്തുച്ച കുറവ് വരുമാനത്തിൽ വന്നിട്ടുണ്ട്. ഇവിടെ ഗവൺമെന്റിന് കിട്ടുന്ന വരുമാനം സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റ്, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നാണ്. അതിൽ ഇത്രയും വലിയ ഒരു കുറവ് വരുത്തിക്കൊണ്ടാണ് ഗവൺമെന്റ് സഹകരണമേഖലയിൽ മൊത്തം എല്ലാ ജനങ്ങൾക്കും ഗുണം കിട്ടുന്ന 'ഗഹാൻ' സമ്പ്രദായം നടപ്പാക്കിയിട്ടുള്ളത്. ഇനിയും ആനുകൂല്യങ്ങൾ വ്യാപിപ്പിക്കണമെന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന ആദ്യത്തെ മൂന്നുനാല് വകുപ്പുകളിൽപ്പെട്ട ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. പക്ഷേ ആ വരുമാനം നേടിത്തരുന്ന രജിസ്ട്രേഷൻ ഓഫീസുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഇപ്പോൾ 67-ഓളം ഓഫീസുകളിൽ എം.ജി.പി. പദ്ധതി നടപ്പാക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പരിഗണന കൊടുക്കേണ്ടത് ഈ ഓഫീസുകളിലെ ആധാരങ്ങൾ കേടുകൂടാതെ സൂക്ഷിക്കുക എന്നുള്ളതിനാണ്. ഓരോ ഓഫീസുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly

പ്രയോറിറ്റി എന്താണെന്ന് കണക്കാക്കാതെയാണ് എം.ജി.പി.യിൽ പണം അനുവദിച്ചിരിക്കുന്നത്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം.

ശ്രീ. സി. എഫ്. തോമസ്: ഇതിൽ എന്തെങ്കിലും അപാകത വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി ആധാരമെഴുത്തുകാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ എം.ജി.പി.-യുടെ ഭാഗമായി സബ്ട്രഷറി ഓഫീസുകൾ മാത്രമല്ല വില്ലേജ് ഓഫീസുകളും, കമ്പ്യൂട്ടറൈസ് ചെയ്യുകയാണ്. ഇപ്പോൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒഴിവുവന്ന തസ്തികകളൊന്നും നികത്തുന്നില്ല. സർട്ടിഫിക്കറ്റ് കൊടുക്കുന്നത് മാത്രമല്ല, അങ്ങനെയാണെങ്കിൽ ഇത്രയും കമ്പ്യൂട്ടറുകൾ വില്ലേജ് ഓഫീസുകളിലും സബ് രജിസ്ട്രാർ ഓഫീസുകളിലും വരേണ്ട കാര്യമില്ല. അപ്പോൾ ഇതിന്റെ പുറകിൽ ഒരു ഹിഡൻ അജണ്ട നിൽക്കുകയാണ്. മാത്രമല്ല ഇതിലെ സംഘടനകൾ പറയുന്നത് സ്ക്രൈബ് ടെസ്റ്റും ലൈസൻസ് ടെസ്റ്റും നടത്തേണ്ട എന്ന ഒരു ധാരണ കൂടി ഉണ്ടായിട്ടുണ്ടെന്നാണ്. അതിനെപ്പറ്റി ഒന്ന് വിശദമാക്കാമോ?

ശ്രീ. സി. എഫ്. തോമസ്: ഒരു കാര്യവും ഞങ്ങൾ ഒളിച്ചുവയ്ക്കുന്നില്ല. സംഘടനാ നേതാക്കളുമായി അങ്ങേയ്ക്കും ബന്ധപ്പെടാം. വെറുമൊരു ടെക്നിക്കലായ മറുപടി തരുന്നില്ല. വളരെ സുതാര്യമായി അവരുമായി ചർച്ച ചെയ്യാൻ തയ്യാറാണ്. എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ പറഞ്ഞോളൂ. അവരുടെ അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടാണ് എല്ലാ സ്റ്റെപ്സും എടുത്തിരിക്കുന്നത്. വീണ്ടും പരീക്ഷ നടത്താൻ പോവുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയ ഓഫീസുകളിൽ നിന്ന് ഒരു ദിവസം കൊണ്ട് സർട്ടിഫിക്കറ്റ് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവ് നൽകുന്നതിനേക്കാളേറെ രജിസ്ട്രാർ ഓഫീസിൽ ഇന്ന് പാവപ്പെട്ടവർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് അവർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ കോപ്പികൾ മുതലായവ കിട്ടുന്നതിന് മൂന്നും ആറും മാസം വരെ പോവുകയാണ് എന്നുള്ളതാണ്. എം.ജി.പി. പദ്ധതി അനുസരിച്ച് കമ്പ്യൂട്ടറൈസേഷൻ പരിപൂർണ്ണമാക്കാൻ ഇനിയും ഒരുപാട് കാലതാമസം വരും. ഒറ്റ തസ്തികകളും ഫിൽ ചെയ്യുന്നില്ല. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാത്ത രജിസ്ട്രാർ ഓഫീസുകളിലെ തസ്തികകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: നമുക്ക് അങ്ങനെയുള്ള കാര്യത്തിൽ നടപടി എടുക്കാം.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഗഹാൻ സമ്പ്രദായം ഏർപ്പെടുത്തിയതുവഴി ഈ സർക്കാരിന് വലിയ വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞിട്ടുണ്ടെന്നാണ്. ഗഹാൻ സമ്പ്രദായം ഈ സർക്കാർ വന്നതിനുശേഷം മാത്രം ഏർപ്പെടുത്തിയതല്ല. നേരത്തേ ഭൂവികസന ബാങ്കുകൾ വഴിയുള്ള ഗഹാൻ രജിസ്ട്രേഷൻ ഉണ്ട്. അത് മറ്റ് സംഘങ്ങൾക്കു കൂടി ഏർപ്പെടുത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അബ്കാരികൾക്ക് ഓക്ഷൻ കൺഫേം ചെയ്യുന്ന അവസരത്തിൽ നടത്തുന്ന രജിസ്ട്രേഷന് ഇപ്പോൾ രജിസ്ട്രേഷൻ ഫീസ് ഇല്ല. അതുപോലെ ഹൗസിംഗ് സൊസൈറ്റികൾ മുഖേന നൽകുന്ന രണ്ട് ലക്ഷം രൂപ വരെയുള്ള വീട് വായ്പയ്ക്ക് ഇപ്പോൾ രജിസ്ട്രേഷൻ ഫീസ് ഒരു ശതമാനം മാത്രമേയുള്ളൂ. അതുകൊണ്ട് മൂന്ന് സെന്റ് വരെയുള്ള പാവപ്പെട്ട ആളുകൾക്ക് രജിസ്ട്രേഷൻ ഫീസിൽ എന്തെങ്കിലും ഇളവ് വരുത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. സി. എഫ്. തോമസ്: നേരത്തേയുണ്ടായിരുന്ന ഗഹാൻ എന്നുപറഞ്ഞാൽ വളരെ പരിമിതമാണ്. ഗവൺമെന്റ് ചെയ്ത ഒരു നല്ല കാര്യം നല്ല കാര്യമായി തന്നെ പറയണം. വലിയ വ്യത്യാസമാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇപ്പോൾ എല്ലാം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ്. നേരത്തേ ഉണ്ടായിരുന്നത് എല്ലാം ഭൂവികസന ബാങ്കുകളാണ്. വലിയ തുകയ്ക്കുള്ള ഇളവാണ് ഗവൺമെന്റ് ഈ രംഗത്ത് വരുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ബി. വിജയകുമാർ: അങ്ങ് ഇവിടെ സഹകരണ സ്ഥാപനങ്ങൾക്കുവേണ്ടി ഗഹാൻ സമ്പ്രദായം കൊണ്ടുവന്നു എന്നുപറഞ്ഞു. വളരെ നല്ല കാര്യമാണ്. പക്ഷേ സംസ്ഥാനത്തെ 62 സഹകരണ അർബൻ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നവർക്ക് ഗഹാൻ സമ്പ്രദായം ബാധകമല്ല. ഇറക്കിയ ഉത്തരവിൽ ഉണ്ടായ ഒരു അപാകതമൂലം അർബൻ ബാങ്കുകൾ സഹകരണ ഗഹാൻ സമ്പ്രദായത്തിന്റെ പരിധിയിൽ വരുന്നില്ല. അതുംകൂടി കൊണ്ടുവരുന്നതിനും അതിൽ നിന്ന് വായ്പ എടുക്കുന്ന സാധാരണക്കാരായ ആളുകളെ രക്ഷപ്പെടുത്താനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. സി. എഫ്. തോമസ്: ഞാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ആലോചിച്ച് വേണ്ട സ്റ്റെപ്സ് എടുക്കാം.

ശ്രീ. പി. സി. ജോർജ്: അങ്ങ് വളരെ നല്ല കാര്യമൊക്കെ ചെയ്തു എന്നുപറഞ്ഞു. പക്ഷേ എത്ര നല്ല കാര്യങ്ങൾ ചെയ്താലും അതിലേറെ ദുഷ്യം വരുന്ന ഒരു കാര്യം ചെയ്താൽ കുഴപ്പമാണ്. നല്ല പായസം ഉണ്ടാക്കി കോളാമ്പിയിൽ വിളമ്പുന്നതിന് തുല്യമായാണ് അങ്ങയുടെ വകുപ്പിൽ ചില കാര്യങ്ങൾ നടക്കുന്നത്.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. പി. സി. ജോർജ്: ഇപ്പോൾ രജിസ്ട്രേഷൻ സംബന്ധമായി ഹൈക്കോടതിയിലും മുൻസിഫ് കോടതിയിലും ജില്ലാ കോടതിയിലും വളരെ കുറച്ച് കേസുകൾ മാത്രമേ കിടക്കുന്നുള്ളൂ. ഉദാഹരണത്തിന് എറണാകുളത്തെ കവിതാ തിയേറ്റർ. കവിതാ തിയേറ്ററിന്റെ രജിസ്ട്രേഷനിൽ 2 കോടി 98 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

കബളിപ്പിച്ചിട്ടുള്ള കേസാണ്. അധികാരത്തിൽ വന്ന് നാല് കൊല്ലമായിട്ടും എന്തുകൊണ്ട് ആ കേസ് പരിഹരിച്ച് സർക്കാരിൽ വരേണ്ട പണം വരുത്താൻ ശ്രമിക്കുന്നില്ല?

ശ്രീ. സി. എഫ്. തോമസ്: രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് വഴിവിട്ട കാര്യങ്ങൾ ചെയ്യാനോ തെറ്റ് ചെയ്യാനോ ഒന്നും തയ്യാറല്ല. നിഷ്പക്ഷമായി ഗവൺമെന്റിന് കിട്ടേണ്ട വരുമാനം കിട്ടത്തക്കവണ്ണം എല്ലാ കാര്യങ്ങളിലും വളരെ കരുതലോടെയാണ് നീങ്ങുന്നത്. ഗവൺമെന്റിന് കിട്ടേണ്ട വരുമാനം കുറയ്ക്കാനോ തെറ്റ് കാണിക്കാനോ ഒന്നും ഞങ്ങൾ തയ്യാറല്ല. നേരെയുള്ള കാര്യങ്ങൾ നടക്കണമെന്നേയുള്ളൂ. മെമ്പർ പറഞ്ഞതിൽ എന്തെങ്കിലുമുണ്ടെങ്കിൽ ഞങ്ങൾ പരിശോധിക്കാം.

വിദേശ കപ്പലുകളുടെ ലൈസൻസ്

*2 [29] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
,, *വി. കെ. സി. മമ്മത്കോയ:*
,, *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേരള അതിർത്തിയിലെ കടലിൽ നിന്ന് വിദേശ കപ്പലുകൾ ഇപ്പോൾ മത്സ്യബന്ധനം നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിദേശ കപ്പലുകൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(സി) മത്സ്യ സംസ്ക്കരണ/കയറ്റുമതി മേഖലയിലെ വിദേശ കമ്പനികളുടെ വൻതോതിലുള്ള കടന്നുവരവ് മത്സ്യത്തൊഴിൽ രംഗത്തുണ്ടാക്കുന്ന പ്രതിസന്ധിയെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ മത്സ്യബന്ധന മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) & (ബി) ഇപ്പോൾ മത്സ്യബന്ധനം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1991-ൽ നിലവിൽ വന്ന കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ നയം പരിശോധിക്കുന്നതിനായി രൂപീകരിച്ച ശ്രീ. മുരാരി ചെയർമാനായുള്ള കമ്മിറ്റിയുടെ ഒരു പ്രധാന ശുപാർശ ആഴക്കടൽ മത്സ്യബന്ധനത്തിന് • വിദേശ കമ്പനികൾക്ക് നൽകിയ ലൈസൻസ് റദ്ദുചെയ്യണമെന്നായിരുന്നു. ഈ ശുപാർശ നടപ്പിലാക്കാൻ കേന്ദ്രത്തോട് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly